# ശബരിമല; ഐ&പിആർഡി മീഡിയ സെന്റർ സന്നിധാനം
# 07.01.2026

**ഇന്ന് ശബരിമലയിൽ ദർശനത്തിനെത്തിയത് 72,080 അയ്യപ്പഭക്തർ**

ഇന്ന് (ജനുവരി 7) വൈകീട്ട് ഏഴ് വരെ 72,080 തീർഥാടകർ ശബരിമല സന്നിധാനത്ത് ദർശനത്തിനെത്തി.
ഇന്നലെ (ജനുവരി 6) 1,07,967 പേർ ദർശനത്തിനെത്തിയിരുന്നു.
മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ശബരിമല നട തുറന്നതിനു ശേഷം ഒരു ലക്ഷത്തിലധികം അയ്യപ്പഭക്തരാണ് സന്നിധാനത്ത് പ്രതിദിനം ദർശനത്തിന് എത്തുന്നത്.

**അയ്യപ്പന് നൃത്താർച്ചനയുമായി ശിവതീർഥ നാട്യഗൃഹം**

ശബരിമല അയ്യപ്പന് നൃത്താർച്ചനയുമായി ശിവതീർത്ഥ നാട്യഗൃഹത്തിലെ വിദ്യാർത്ഥികളെത്തി. നടനശ്രീ ആർ.എൽ.വി ഓംകാറിൻറെ ശിഷ്യരാണ് അയ്യപ്പ സന്നിധിയിൽ ശാസ്ത്രീയ നൃത്തം അവതരിപ്പിച്ചത്.

വലിയ നടപ്പന്തലിലെ സ്വാമി അയ്യപ്പൻ ഓഡിറ്റോറിയത്തിൽ നടന്ന നൃത്താർപ്പണത്തിന് ചേർത്തല എസ്.ആർ ശ്രീനാഥ് പശ്ചാത്തല സംഗീതമൊരുക്കി. ചേർത്തല വിഷ്ണു പ്രസാദ് കമ്മത്ത് മൃദംഗത്തിലും ചേർത്തല രാജീവ് രമേശൻ, ചേർത്തല ആദിത്യ എന്നിവർ ചേർന്ന് വയലിനും പക്കമേളമൊരുക്കി.